**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1439** **14-03-2022 - ൽ മറുപടിയ്ക്ക്**

**പെരിന്തൽമണ്ണ താലൂക്കിലെ പട്ടയ വിതരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . മഞ്ഞളാംകുഴി അലി | | null<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | പെരിന്തൽമണ്ണ താലൂക്കിലെ കോഡൂർ വില്ലേജിൽ സർവ്വെ നമ്പർ 95/1-ൽ ഉൾപ്പെട്ട നെച്ചിക്കാട് പറമ്പ് നിവാസികളുടെ കൈവശ ഭൂമിക്ക് പട്ടയമില്ലാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട് |
| (ബി) | ഈ സർവ്വേ നമ്പരിലുള്ള ഭൂമി ഉൾപ്പെട്ട മിച്ചഭൂമി കേസുകളുടെ നിലവിലെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കുമോ; | (ബി) | പെരിന്തൽമണ്ണ താലൂക്ക് ലാൻഡ് ബോർഡിന്റെ 23/05/2018 തീയതിയിലെ SMP 49/1977 നമ്പർ ഉത്തരവ് പ്രകാരം ശ്രീ.കിളിയമണ്ണിൽ മൊയ്തു ഹാജി എന്നവരിൽ നിന്നും പെരിന്തൽമണ്ണ താലൂക്കിൽ കോഡൂർ വില്ലേജിൽ പഴമള്ളൂർദേശം സർവ്വേ നമ്പർ 95/1-ൽ ഉൾപ്പെട്ടുവരുന്ന 18.40 ഏക്കർ ഭൂമി ഏറ്റെടുക്കാൻ ഉത്തരവാകുകയും തുടർന്ന് 22/07/2019-ന് കോഡൂർ വില്ലേജ് ഓഫീസർ ഭൂമി ഏറ്റെടുക്കുകയും ചെയ്തിട്ടുള്ളതാണ്. |
| (സി) | എസ്.എം.വി. 49/77 നമ്പർ കേസിലെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത സർവ്വേ നമ്പരിൽ നിന്നും 18.40 ഏക്കർ മിച്ചഭൂമി ഏറ്റെടുക്കുന്നതിന് സ്വീകരിച്ച നടപടിയുടെ നിലവിലെ സ്ഥിതി അറിയിക്കുമോ; | (സി) | പെരിന്തൽമണ്ണ താലൂക്ക് ലാൻഡ് ബോർഡിന്റെ 23/05/2018 തീയതിയിലെ SMP 49/1977 നമ്പർ ഉത്തരവ് പ്രകാരം ശ്രീ.കിളിയമണ്ണിൽ മൊയ്തു ഹാജി എന്നവരിൽ നിന്നും പെരിന്തൽമണ്ണ താലൂക്കിൽ കോഡൂർ വില്ലേജിൽ പഴമള്ളൂർദേശം സർവ്വേ നമ്പർ 95/1-ൽ ഉൾപ്പെട്ടുവരുന്ന 18.40 ഏക്കർ ഭൂമി ഏറ്റെടുക്കാൻ ഉത്തരവാകുകയും തുടർന്ന് 22/07/2019-ന് കോഡൂർ വില്ലേജ് ഓഫീസർ ഭൂമി ഏറ്റെടുക്കുകയും ചെയ്തിട്ടുള്ളതാണ്. എന്നാൽ ടി ഭൂമി ഏറ്റെടുത്തപ്പോൾ ഏകദേശം 3.50 ഏക്കർ ഭൂമി പ്രഖ്യാതാവായ ശ്രീ.കിളിയമണ്ണിൽ മൊയ്തുഹാജി എന്നവ രുടെ ഭൂമിക്ക് പകരമായി ടിയാളുടെ സഹോദരനായ ശ്രീ.മുഹമ്മദ് ഹാജി എന്നവരുടെ ഭൂമിയാണ് ഏറ്റെടുത്തിട്ടുള്ളത്. ടി ന്യൂനത പരിഹരിച്ച് പ്രഖ്യാതാവായ ശ്രീ.കിളിയമണ്ണിൽ മൊയ്തുഹാജി എന്നവ രുടെ പേരിൽ ഉള്ളതും സർവ്വേ നമ്പർ 95/1-ൽ ഉൾപ്പെട്ടതുമായ ശരിയായ ഭൂമി കണ്ടെത്തുന്നതിന് താലൂക്ക് സർവ്വേയറുടെ നേതൃത്വത്തിലുള്ള സംഘം |

| | | | |
|---|---|---|---|
| | | | 23/09/2021-ന് കോഡൂർ വില്ലേജിൽ സർവ്വേ നടപടികൾ ആരംഭിച്ചിട്ടുള്ളതാണ്. |
| (ഡി) | ദീർഘനാളായിട്ടും പട്ടയം നൽകാത്തതിന്റെ കാരണം വ്യക്തമാക്കുമോ; പട്ടയത്തിനായി ആകെ എത്ര അപേക്ഷകൾ ഇതുവരെ ലഭിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ ; പട്ടയവിതരണം എന്ന് പൂർത്തിയാക്കാൻ കഴിയുമെന്നും ആയതിന് അടിയന്തരമായി നടപടി സ്വീകരിക്കുമോയെന്നും വ്യക്തമാക്കുമോ? | (ഡി) | മിച്ചഭൂമിയായി ഏറ്റെടുക്കാൻ ഉത്തരവായ കോഡൂർ വില്ലേജിലെ സർവ്വേ നമ്പർ 95/1-ഉൾപ്പെട്ട ഭൂമി അന്യകൈവശ ത്തോടെയാണ് ഏറ്റെടുത്തിട്ടുള്ളത്. കേരള ഭൂപരിഷ്കരണ നിയമം, വകുപ്പ് 96 പ്രകാരം മിച്ചഭൂമി പതിച്ചു നൽകുമ്പോൾ ടി സ്ഥലത്തെ കൈവശക്കാർക്ക് മുൻഗണന നൽകുന്നതാണ്. ടി ഭൂമിക്ക് പട്ടയം ലഭിക്കുന്നതിനായി 164 അപേക്ഷകൾ സമർപ്പിച്ചിട്ടുണ്ട്. സർവ്വെ നടപടികൾ പൂർത്തിയാക്കി കൈവശക്കാർക്ക് പട്ടയം നൽകുന്നതിനുള്ള നിയമപരമായ നടപടികൾ മലപ്പുറം ജില്ലാ കളക്ടർ സ്വീകരിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ